# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

KSFESA CITU

**Reg. No 180 /71, Kottapuram Road, Thrissur-4**
**(Affiliated to C.I.T.U.No.K.1128)**
**Email: ksfesacitusc@gmail.com, Web: www.ksfesa.com**

President
**Elamaram Kareem**
**9400307786**

General Secretary
**S. Muraleekrishna Pillai**
**9446538432**


## സർക്കുലർ 10/2018

സഖാക്കളേ,

നമ്മുടെ സംഘടനയുടെ സംസ്ഥാന കമ്മിറ്റിയോഗം 6.4.18 (വെള്ളിയാഴ്ച) ഉച്ചയ്ക്ക് 12.30ന് തിരുവനന്തപുരം സി.ഐ.ടി.യു സംസ്ഥാന കമ്മിറ്റി ഓഫീസിൽ വച്ച് ചേർന്നു. സംസ്ഥാന ഭാരവാഹിയോഗം രാവിലെ 10.30ന് ചേർന്നു. സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് സ:എളമരം കരിം അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സിഐടിയു മുൻ അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ. മുഹമ്മദ് അമീൻ, അട്ടപ്പാടിയിൽ സാമൂഹ്യ വിരുദ്ധരുടെ ആക്രമണത്തിൽ കൊല ചെയ്യപ്പെട്ട ആദിവാസി യുവാവ് മധു, കെ.എസ്.എഫ്.ഇ ആറ്റിങ്ങൽ ശാഖയിലെ സീനിയർ അസിസ്റ്റന്റ് സ. സുനി.എസ്, നെയ്യാറ്റിൻകര ഈവനിംഗ് ശാഖയിലെ ഓഫീസ് അറ്റന്റന്റ് സ. വിജീഷ്കുമാർ.ബി, തൃശ്ശൂർ റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി മാനേജർ സ. മോഹൻ ദാസ്.ബി എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സംസ്ഥാന കമ്മിറ്റിയോഗം ചുവടെ കൊടുക്കുന്ന തീരുമാനങ്ങളെടുത്തു.

1. **2018 മേയ് 4 : അവകാശദിനം**

   ശമ്പളപരിഷ്ക്കരണചർച്ച ആരംഭിക്കുക, കഴിഞ്ഞ ശമ്പളപരിഷ്ക്കരണത്തിലെ ഓപ്ഷൻ സംബന്ധമായ ജീവനക്കാരുടെ പരാതികൾ പരിഹരിക്കുക, ക്ഷാമബത്ത കുടിശ്ശിക തീർത്ത് വിതരണം ചെയ്യുക, 2014 മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ പെൻഷൻ, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതികൾ നടപ്പാക്കുക, വർക്ക് മെൻ ജീവനക്കാർക്കെതിരായ കരിനിയമമായ 2/18 സർക്കുലർ പിൻവലിക്കുക, പഴകിയതും ഉപയോഗശൂന്യവുമായ കമ്പ്യൂട്ടറുകളും പ്രിന്ററുകളും മാറ്റി പുതിയവ സ്ഥാപിക്കുക, CASBA സോഫ്റ്റ് വെയറിലെ അപാകതകൾ പരിഹരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് അവകാശദിനം ആചരിക്കുന്നത്. അന്നേ ദിവസം പ്രതിഷേധ ബാഡ്ജ് ധരിച്ച് ജോലിയ്ക്ക് ഹാജരാകുകയും, HO/RO കേന്ദ്രങ്ങളിൽ ഈ മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ട് പ്രതിഷേധ പ്രകടനം നടത്തുകയും ചെയ്യണമെന്ന് തീരുമാനിച്ചു.

2. **സിഐടിയു സന്ദേശം**

   സിഐടിയു സന്ദേശം വരിക്കാരുടെ വരിസംഖ്യാ കാലാവധി ഏപ്രിലിൽ അവസാനിക്കുകയാണ്. ആയതിനാൽ എല്ലാ അംഗങ്ങളിൽ നിന്നും വാർഷിക വരിസംഖ്യ 150 രൂപാ വീതം ശേഖരിച്ച് വരിക്കാരുടെ ***"പിൻകോഡ് സഹിതമുള്ള പൂർണമായ മേൽവിലാസം"*** വ്യക്തമായി രേഖപ്പെടുത്തിയ ലിസ്റ്റ് ഏപ്രിൽ 20-നകം സംസ്ഥാന കമ്മിറ്റിയ്ക്ക് നൽകണമെന്നഭ്യർത്ഥിക്കുന്നു.

3. **സംസ്ഥാന വനിതാ പ്രവർത്തക കൺവെൻഷൻ**

   2018 ഏപ്രിൽ 22ന് തിരുവനന്തപുരം ബി.റ്റി.ആർ ഹാളിൽ വച്ച് സംസ്ഥാന വനിതാപ്രവർത്തക കൺവെൻഷൻ നടക്കുകയാണ്. ജില്ലകൾക്ക് നിശ്ചയിച്ചിരിക്കുന്ന ക്വാട്ട അനുസരിച്ച് പ്രവർത്തകരെ പങ്കെടുപ്പിക്കുന്നതിൽ ജില്ലാ കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.

4. **സി.ഐ.ടി.യു മേയ്ദിന കായികമേള**

   ഏര്യാ, ജില്ലാ കേന്ദ്രങ്ങളിൽ നടക്കുന്ന സി.ഐ.ടി.യു കായിക മത്സരങ്ങളിൽ സംഘടനാഭേദമില്ലാതെ വർക്ക്മെൻ/ഓഫീസർ/സ്ഥിരം/താൽക്കാലിക ജീവനക്കാരെ കായിക മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിൽ ജില്ലാ കമ്മിറ്റികൾ ശ്രദ്ധിക്കേണ്ടതാണ്.

5. **സംഘടനയുടെ 29-ാം സംസ്ഥാന സമ്മേളനം**

   സംഘടനയുടെ 29-ാം സംസ്ഥാന സമ്മേളനം 2018 ജൂൺ 22,23 തീയതികളിൽ എറണാകുളത്ത് ചേരാൻ തീരുമാനിച്ചു. എറണാകുളം ടൗൺ ഹാളിലാണ് സമ്മേളനം ചേരുക. 11 അംഗങ്ങൾക്ക് ഒരു പ്രതിനിധി എന്ന അനുപാതത്തിൽ സംസ്ഥാന സമ്മേളന പ്രതിനിധികളെ ജില്ലാ സമ്മേളനങ്ങളിൽ തെരഞ്ഞെടുക്കണം.

സംസ്ഥാന സമ്മേളന ഫണ്ടിലേക്ക് ഫുൾടൈം ജീവനക്കാരിൽ നിന്ന് 500 രൂപയും പാർട്ട് ടൈം ജീവനക്കാരിൽ നിന്ന് 250 രൂപയും ശേഖരിക്കാൻ തീരുമാനിച്ചു.

സംസ്ഥാന സമ്മേളന/ജില്ലാ സമ്മേളന നോട്ടീസിലും, പോസ്റ്ററിലും, പ്രവർത്തന റിപ്പോർട്ടിലും, 'വർഗീയതയ്ക്കെതിരെ വർഗഐക്യം' എന്ന മുദ്രാവാക്യം വ്യക്തമായി പ്രിന്റ് ചെയ്യണമെന്ന് തീരുമാനിച്ചു.

**6. ജില്ലാ സമ്മേളനങ്ങൾ**

ജില്ലാ സമ്മേളനങ്ങളുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന തീരുമാനങ്ങളെടുത്തു.

i ജില്ലാ പ്രസിഡന്റ്, ജില്ലാ സെക്രട്ടറി, ജില്ലാ ട്രഷറർ ഈ മൂന്നു പ്രധാന ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും വനിതയായിരിക്കണം.

ii. ജില്ലാ പ്രസിഡന്റ്, ജില്ലാ സെക്രട്ടറി, ജില്ലാ ട്രഷറർ, 3 വൈസ് പ്രസിഡന്റുമാർ, 3 ജോയിന്റ് സെക്രട്ടറിമാർ, ജില്ലാ സെക്രട്ടറിയേറ്റംഗങ്ങൾ - ഇങ്ങനെയായിരിക്കും ജില്ലാ ഭാരവാഹികളുടെ ഘടന. ഇതിൽ ഒരു വൈസ് പ്രസിഡന്റും ഒരു ജോയിന്റ് സെക്രട്ടറിയും നിർബന്ധമായും വനിതയായിരിക്കണം. ഭാരവാഹികളിൽ വനിതാ പ്രാതിനിധ്യം 40% ൽ കുറയാൻ പാടില്ല.

iii. ജില്ലയിലെ അംഗത്വത്തിലുള്ള വനിതകളുടെ എണ്ണത്തിനാനുപാതികമായി ജില്ലാ കമ്മിറ്റിയിൽ വനിതകൾക്ക് പ്രാതിനിധ്യം ഉണ്ടായിരിക്കണം. സംസ്ഥാന സമ്മേളന പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോഴും ഈ അനുപാതം ഉറപ്പു വരുത്തണം.

iv. രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകിട്ട് 4 മണിക്ക് അവസാനിക്കത്തക്ക രീതിയിൽ ജില്ലാ സമ്മേളനങ്ങൾ ഷെഡ്യൂൾ ചെയ്യണം. സമയകൃത്യത പാലിക്കുന്നതിൽ ശ്രദ്ധിക്കണം.

**ജില്ലാ സമ്മേളനങ്ങളുടെ തീയതിയും പങ്കെടുക്കുന്ന ഭാരവാഹികളും**

| ക്രമ നമ്പർ | ജില്ല | തീയതി | പങ്കെടുക്കുന്ന ഭാരവാഹികൾ |
|---|---|---|---|
| 1. | തിരുവനന്തപുരം | 12/05/18 | മുരളീകൃഷ്ണപിള്ള. എസ്, ഷുബി അലി.എം |
| 2. | കൊല്ലം | 13/05/18 | മുരളീകൃഷ്ണപിള്ള.എസ്, ഷുബി അലി.എം. |
| 3. | പത്തനംതിട്ട | 08/04/18 | ഷുബി അലി.എം, സജു.എസ് |
| 4. | കോട്ടയം | 20/05/18 | ശ്രീനിമോൾ.ടി.എം, ഷുബി അലി.എം, സജു.എസ് |
| 5. | ആലപ്പുഴ | 08/04/18 | മുരളീകൃഷ്ണപിള്ള.എസ്, ശ്രീനിമോൾ. ടി.എം |
| 6. | ഇടുക്കി | 01/05/18 | സജു.എസ്, വിജയകുമാർ.ബി.എസ് |
| 7. | എറണാകുളം | 20/05/18 | മുരളീകൃഷ്ണപിള്ള. എസ്, വിജയകുമാർ.ബി.എസ് |
| 8. | തൃശ്ശൂർ | 12/05/18 | വിജയകുമാർ.ബി.എസ്, പി. ദേവദാസ്, സജു. എസ്. |
| 9. | പാലക്കാട് | 29/04/18 | മുരളീകൃഷ്ണപിള്ള.എസ്, പി. ദേവദാസ് |
| 10. | മലപ്പുറം | 29/04/18 | രാധാകൃഷ്ണൻ. ടി.സി, ഷുബി അലി.എം |
| 11. | കോഴിക്കോട് | 08/04/18 | രാധാകൃഷ്ണൻ.ടി.സി, വിജയകുമാർ.ബി.എസ് |
| 12. | കണ്ണൂർ | 13/05/18 | രാധാകൃഷ്ണൻ.ടി.സി, വിജയകുമാർ.ബി.എസ് |
| 13. | കാസർകോട് | 12/05/18 | രാധാകൃഷ്ണൻ.ടി.സി, ശ്രീനിമോൾ.ടി.എം |
| 14. | വയനാട് | 20/05/18 | രാധാകൃഷ്ണൻ.ടി.സി, പി. ദേവദാസ് |

അഭിവാദനങ്ങളോടെ,

തിരുവനന്തപുരം
07-04-2018

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി